പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 879 — 06.06.2018-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിൽനിന്ന് ആദിവാസി കുട്ടികളുടെ കൊഴിഞ്ഞു പോക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ് | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | വിദ്യാലയങ്ങളിൽ നിന്നും ആദിവാസി കുട്ടികൾ പഠനം ഇടയ്ക്ക് വച്ച് ഉപേക്ഷിച്ച് പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്; | എ) | വിദ്യാലയങ്ങളിൽ നിന്നും ആദിവാസി കുട്ടികൾ പഠനം ഇടയ്ക്ക് വച്ച് ഉപേക്ഷിച്ചു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃഷിപണിയുമായി ബന്ധപ്പെട്ടുന്ന പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഇടയിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായി ഉള്ളത്. രക്ഷിതാക്കളോടൊപ്പം കുട്ടികളും പണി സ്ഥലത്തേക്ക് പോകുന്ന പ്രവണതയുണ്ട്. കാർഷികവിളകളുടെ വിളവെട്ടുപ്പ് സമയത്ത് സ്കൂളിൽ ഇത്തരം കുട്ടികളുടെ ഹാജർ നില കുറവായി കാണപ്പെടുകയും ക്രമേണ സ്കൂളിൽ വരാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. വിവിധ ക്ലാസുകളിലെ തോൽവിയും കാരണമാകുന്നുണ്ട്. കുടുംബത്തിലെ പ്രശ്നങ്ങൾ കുട്ടികളുടെ വിദ്യാഭ്യാസത്തെ കാര്യമായി ബാധിക്കുന്നു. ഇതേ തുടർന്ന് രക്ഷിതാക്കൾ കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധ കാണിക്കാതെ ഇരിക്കുന്നതും, ചിലരുടെ രക്ഷിതാക്കളിൽ മദ്യപാന സ്വഭാവവും പ്രമുഖ കാരണങ്ങളിൽപ്പെടുന്നു. പട്ടികവർഗ്ഗ കുട്ടികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഭാഷാപരവും, സാമൂഹ്യപരവുമായ ഒറ്റപ്പെടൽ അനുഭവിക്കുന്നതും കൊഴിഞ്ഞ്പോക്കിന് കാരണമാകുന്നു. |
| ബി) | ഇവരുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ഗോത്ര ബന്ധു പദ്ധതി | ബി) | ഉണ്ട്. |

| | | | |
|---|---|---|---|
| | ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | | സംസ്ഥാനത്തെ പ്രൈമറി ക്ലാസുകളുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള 1 മുതൽ 4-ാം ക്ലാസുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് തൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ടി.ടി.സി/ബി.എഡ്/ഡി.എഡ് പാസ്സായ അഭ്യസ്ത വിദ്യരിൽ നിന്നും തെരഞ്ഞെടുക്കുന്നവരെ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു. പദ്ധതി.<br><br>വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻബത്തേരി താലൂക്കുകളിലായി 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ടി.ടി.സി/ബി.എഡ്/ഡി.എഡ് പാസ്സായ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടവരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിലെ 26 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2018-19 അദ്ധ്യയന വർഷം മുതൽ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |
| സി) | ഈ പദ്ധതി ആവിഷ്ക്കരിച്ച ശേഷം ആദിവാസി കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | പഠനം ഉപേക്ഷിച്ച ആദിവാസി കുട്ടികളെ പുതിയ അദ്ധ്യയന വർഷം സ്കൂളുകളിൽ തിരികെ എത്തിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; | ഡി) | വിവിധ കാരണങ്ങളാൽ പഠനം ഉപേക്ഷിച്ച ആദിവാസി കുട്ടികളെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനായി വകുപ്പിന് കീഴിൽ ഗോത്രസാരഥി, ഗോത്രബന്ധു, സാമൂഹ്യ പഠനമുറി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>• വിദൂര കോളനികളിൽ നിന്നും കുട്ടികളെ വാഹനത്തിൽ സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതിയാണ് ഗോത്രസാരഥി പദ്ധതി.<br><br>• സ്കൂളുകളിൽ പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിന് പട്ടികവർഗ്ഗത്തിൽ തന്നെയുള്ള ടി.ടി.സി/ബി.എഡ്/ ഡി.എഡ് പാസ്സായവരെ മെന്റർ ടീച്ചർമാരായി നിയമിക്കുന്നതാണ് ഗോത്രബന്ധു പദ്ധതി.<br>• പട്ടികവർഗ്ഗ കുട്ടികൾക്ക് മികച്ച രീതിയിലുള്ള ട്യൂഷൻ നൽകി പഠന നിലവാരം ഉയർത്തുന്നതിലേക്ക് പട്ടികവർഗ്ഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്ന പദ്ധതിയാണ് സാമൂഹ്യപഠനമുറി പദ്ധതി.<br>• സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ എത്തിക്കുന്ന രക്ഷിതാക്കൾക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി. |
| ഇ) | ഏത് വിഭാഗത്തിലുള്ള ആദിവാസി കുട്ടികളുടെ കൂട്ടത്തിലാണ് കൂടുതൽ കൊഴിഞ്ഞ് പോക്കെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് അവരെ സ്കൂളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ഇ) | പട്ടികവർഗ്ഗക്കാരിലെ ഏറ്റവും വലിയ വിഭാഗമായ പണിയ സമുദായക്കാരുടെ ഇടയിലാണ് കൊഴിഞ്ഞുപോക്ക് കൂടുതലായി കണ്ടെത്തിയിട്ടുള്ളത്. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി വകുപ്പിന് കീഴിൽ ഗോത്രസാരഥി, ഗോത്രബന്ധു, സാമൂഹ്യ പഠനമുറി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം എന്നീ പദ്ധതികൾ ഈ വിഭാഗക്കാർക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കി വരുന്നു. കൂടാതെ പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ, വുമൺ സോഷ്യൽ വർക്കർ, തുടങ്ങിയവർ മുഖേന പ്രസ്തുത പദ്ധതികളെക്കുറിച്ച് പട്ടികവർഗ്ഗക്കാരെ ബോധവൽക്കരണം നടത്തി കുട്ടികളെ സ്കൂളിൽ എത്തിക്കുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ